**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*222.** **07.12.2018 ൽ മറുപടിയ്ക്ക്**

**ടോഡി ബോർഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി.സി.കെ.ആശ<br>ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീ.ആർ.രാമചന്ദ്രൻ<br>ശ്രീ.വി.ആർ.സുനിൽ കുമാർ | | ശ്രീ.ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ടോഡി ബോർഡ് രൂപവൽക്കരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | കള്ള് ചെത്ത് വ്യവസായത്തെ പുന:സംഘടിപ്പിക്കുന്നതിനും വൈവിധ്യവൽക്കരിക്കുന്നതിനും ലക്ഷ്യമിട്ട് പ്രഖ്യാപിച്ചിട്ടുള്ള ടോഡി ബോർഡ് രൂപീകരണ നടപടികൾ പുരോഗമിച്ചുവരുന്നു. |
| (ബി) | പ്രസ്തുത ടോഡി ബോർഡിന്റെ പ്രധാന ചുമതലകൾ അറിയിക്കാമോ; | (ബി) | കള്ള് ചെത്ത് വ്യവസായവുമായി ബന്ധപ്പെട്ട തൊഴിലിൽ ഏർപ്പെട്ടിട്ടുള്ള തൊഴിലാളികളുടെ തൊഴിലും ജീവിത സുരക്ഷിതത്വവും സംരക്ഷിക്കുന്നതിന് നൂതന പദ്ധതികൾ ആവിഷ്കരിക്കുക, കള്ളിൽ നിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള സംരംഭങ്ങൾ ആരംഭിക്കുക, കള്ള് ഷാപ്പുകൾ നടത്താൻ സ്ഥിരം കെട്ടിടങ്ങൾ നിർമ്മിച്ചുനൽകുക, വിനോദ സഞ്ചാര മേഖലകളിൽ ആധുനിക രീതിയിലുള്ള ടോഡി പാർലറുകൾ ആരംഭിക്കുക എന്നിവ ടോഡിബോർഡിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളാണ്. |
| (സി) | നിർദ്ദിഷ്ട ബോർഡിന്റെ ഘടന എപ്രകാരമായിരിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) | ഘടന തീരുമാനമായിട്ടില്ല. |

സെക്ഷൻ ഓഫീസർ